നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) എത്രകാലം വേണ്ടിവരുമെന്നു തീർത്തു പറയാൻ നിവൃത്തിയില്ല

(ബി) ഇല്ല. ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

ശ്രീ. ജി. കാത്തികേയൻ : ഈ സാമ്പത്തികവർഷത്തിൽ ബെറർ ഫാമിംഗ് സൊസൈറ്റികൾ പ്രവർത്തിക്കണമെന്നു ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലേ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഉണ്ട്. പത്തെണ്ണമാണ് ഇക്കൊല്ലം വേണമെന്നാഗ്രഹിക്കുന്നത്.

Report of Popular Committees.

* 1466. [6] **Shri E. P. Poulose** : Will the Minister for Food and Forests by pleased to state :

(a) how many popular commi tees were constituted in the Travancore–Cochin area for enquiring in o the eligibili y of forest cultivators to permanent occupancy rights:

(b) whether all these committees have comp'eted their enquiries and reported to Government;

(c) when was the last of these receipts received by Government; and

(d) whether and how many of these reports have been considered by Government?

ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്) :

ഈ ചോദ്യത്തിനും ഇതിനും മുമ്പു പല തവണ ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ഇ. പി. പൗലോസ് : മുൻപു ഉപചോദ്യങ്ങൾ ചോദിച്ചപ്പോൾ റിപ്പോർട്ട് കൺസിഡർ ചെയ്തുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു.

ശ്രീ. കെ. സി. ജോർജ് : കഴിഞ്ഞ ഒരു മിവസം ഒരു മാസത്തിനകം റിപ്പോർട്ട് കിട്ടുമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്.

ശ്രീ ഇ. പി പൗലോസ് : ആ സ്ഥലങ്ങളിൽ കൃഷിചെയ്യുവർ അവിടം വിട്ടു ഇപ്പോൾ അലഞ്ഞു തിരിയുകയാണെന്നു ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. സി. ജോർജ് : അതെല്ലാം അറിഞ്ഞുകൊണ്ടു തന്നെയാണ് റിപ്പോർട്ട് കൺസിഡർ ചെയ്യുന്നതു്.

കയർബോർഡിലെ പബ്ലിസിറ്റി അസിസ്റ്റന്റിന്റെ നിയമനം.

* 1467. [27] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

(എ) കയർ ബോർഡിൽ പബ്ലിസിറ്റി അസിസ്റ്റന്റായി 160-330 സ്കെയിലിൽ ആരെയെങ്കിലും ഈ ഗവണ്മെന്റ് നിയമിക്കുകയുണ്ടായോ ; അപേക്ഷ ആരാണ് ; അപേക്ഷയുടെ കാമിഫിക്കേഷൻ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly